നിരോധിത പുകയില ഉൽപ്പന്നങ്ങളുമായി യുവാവ് പിടിയിലായി. മഞ്ചേശ്വരം ബൈട്ടിപ്പരപ്പ് മുഹമ്മദ് ഗുൽസാറിനെയാണ് ഒന്നരലക്ഷം രൂപ വിലവരുന്ന 2500 പാക്കറ്റ് നിരോധിത പുകയില ഉൽപ്പന്നങ്ങളുമായി കസ്റ്റഡിയിലെടുത്തത്.

ടൗൺഹാൾ റോഡിൽ ഇയാൾ വാടകക്ക് താമസിക്കുന്ന മുറിയിൽനിന്നാണ് വ്യാഴാഴ്ച രാത്രി പിടികൂടിയത്. വിദ്യാർഥികൾക്ക് ലഹരി വസ്തുക്കൾ എത്തിക്കുന്ന പ്രധാന കണ്ണികളിൽ ഒരാളാണ് ഗുൽസാറെന്ന് പൊലീസ് പറഞ്ഞു.




എസ്ഐമാരായ സജു അബ്രഹാം, ഫസലുൽ ആബിദ്, എഎസ്ഐ രാധാകൃഷ്ണൻ, എസ്‌സിപിഒമാരായ ഗിരീഷ്, സുരേഷ്, ജില്ലാ പൊലീസ്മേധാവിയുടെ ലഹരിവിരുദ്ധ സ്ക്വാഡിലെ സുനിൽ എന്നിവർ ചേർന്നാണ് പ്രതിയെ പിടികൂടിയത്.